# അദ്ധ്യായം നാല്

## ദേശീയപ്രസ്ഥാനത്തിന്റെ സ്വാധീനത മലയാളകവിതയിൽ പ്രാരംഭകാല പ്രതിസ്പന്ദങ്ങൾ

കേരളത്തിന്റെ സാമൂഹിക ജീവിതത്തിൽ സാരമായ പല പരിവർത്തനങ്ങൾക്കും സാക്ഷ്യംവഹിച്ച കാലമാണ്, പത്തൊൻപതാം ശതകത്തിന്റെ ഉത്തരാർദ്ധവും ഇരുപതാം ശതകത്തിന്റെ പൂർവ്വാർദ്ധവും.

ഇംഗ്ലീഷ് മിഷനറിമാരുടെ പ്രവർത്തനങ്ങൾ വിദ്യാഭ്യാസം സാർവ്വത്രികമാക്കി. ക്രിസ്തുമതം സ്വീകരിച്ച അവർണർക്കു പുതിയ സ്വാതന്ത്ര്യങ്ങൾ ലഭ്യമായി. ഇംഗ്ലീഷിലൂടെ ലഭിച്ച നൂതനാശയങ്ങൾ പുതിയതലമുറയുടെ ചിന്താഗതികളിൽ ചടുലത ചേർത്തു. സത്വരമായ പരിവർത്തനങ്ങൾക്കു വേണ്ടിയുള്ള ആവേശം പലരിലും സംജാതമായി. ബ്രിട്ടീഷ് ഭരണം കൊണ്ടു് കേരളീയർക്കുണ്ടായ പരോക്ഷമായ നേട്ടങ്ങളാണിവ.

അഭ്യസ്തവിദ്യരുടെ വർദ്ധനവും അച്ചടിയുടെ ആഗമനവും മൂലം പത്രമാസികകൾക്കു പ്രചാരമുണ്ടായി. സാമൂഹികരംഗത്തെന്നപോലെ സാഹിത്യരംഗത്തും നൂതനചലനങ്ങൾ സൃഷ്ടിക്കുവാനിതു സഹായിച്ചു. കവികൾക്കു പരസ്പരം ബന്ധപ്പെടുവാനും സംവാദങ്ങളിൽ ഏർപ്പെടുവാനും പത്രമാസികകൾ മാധ്യമമായി.

കേരളത്തിൽ രണ്ടുതരം കാവ്യാഭിരുചികളും രചനാസംപ്രദായങ്ങളുമാണ് ഇക്കാലത്തു നിലനിന്നതു്. ദക്ഷിണകേരളത്തിൽ കവികൾക്കു നേതൃത്വം നല്കിയിരുന്നതു് കേരളവർമ്മ വലിയകോയിത്തമ്പുരാനായിരുന്നു. അദ്ദേഹം സംസ്കൃത കവിതാപാരമ്പര്യത്തെയാണ് പിന്തുടർന്നതു്.

ഇതേകാലത്തു് ഉത്തരകേരളത്തിൽ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ കവികൾക്കു് നേതാവായി. വെൺമണിപ്രസ്ഥാനം എന്നു് പ്രഥിതമായ കവിതാരീതിയുടെ പുഷ്കലകാലമാണിതു്. ഈ രീതി അനുവർത്തിച്ച കവികൾ കാവ്യഭാഷയിൽ വിപ്ളവാത്മകമായ പരിവർത്തനം വരുത്തി. വെൺമണി അച്ഛനും വെൺമണി മഹനുമാണു് മാതൃകകാട്ടിയതു്. ഇവർ സംസ്കൃതത്തിൻെറ ദാസ്യത്തിൽ നിന്നു് കവിതാശൈലിയെ മോചിപ്പിച്ചു. കുഞ്ഞിക്കുട്ടൻ തമ്പുരാനു് സംസ്കൃതത്തിൽ തികഞ്ഞ അവഗാഹമുണ്ടായിരുന്നെങ്കിലും ലളിതമലയാള ശൈലി പിൻതുടരുകയാണുണ്ടായതു്. കവിതയെ പ്രമേയത്തിലും പ്രതിപാദനത്തിലും ജനകീയമാക്കുവാനുള്ള താല്പര്യം ഈ കവികൾക്കുണ്ടായിരുന്നെങ്കിലും, ഗൗരവമായി ജീവിതാനുഭവങ്ങൾ ആവിഷ്കരിക്കുവാനോ സാധാരണ മനുഷ്യരുടെ ജീവിതപ്രശ്നങ്ങൾ വിശകലനം ചെയ്യുവാനോ ശ്രമിച്ചുകാണുന്നില്ല.

"വെൺമണിപ്രസ്ഥാനം, 1908-ൽ കുമാരനാശാൻെറ 'വീണപൂവ്' പ്രസിദ്ധീകരിക്കപ്പെടും വരെ, മലയാള കവിതയിലെ മുഖ്യധാരയായി വർത്തിച്ചു. ഇതേ സമയത്തു തന്നെ കേരളവർമ്മവലിയകോയിത്തമ്പുരാൻ (1845-1915) വളർത്തിക്കൊണ്ടു വന്ന മണിപ്രവാള പ്രസ്ഥാനവും മലയാളകവിതയിൽ നില നിന്നുവന്നു. വെൺമണിപ്രസ്ഥാനം ക്രമേണ പുതിയ റൊമാൻറിക് കവിതാധാരയിൽ വിലയം പ്രാപിച്ചപ്പോൾ, കേരളവർമ്മയുടെ മണിപ്രവാളപ്രസ്ഥാനം നിയോ-ക്ളാസിക് പ്രസ്ഥാനത്തിൽപെട്ട മഹാകാവ്യങ്ങളിൽ അല്പകാലം കത്തിയെരിഞ്ഞുനിന്നശേഷം നിശ്ശേഷം കെട്ടടങ്ങുകയാണുണ്ടായതു്. കവിതയുടെ ഭാഷയേയും വിഷയത്തേയും ലളിതമാക്കുന്നതിലൂടെ വെൺമണിപ്രസ്ഥാനം സാഹിത്യത്തിനു ജനകീയത കൈവരുത്തി. കേരളവർമ്മ പ്രസ്ഥാനമാകട്ടെ, ഭാഷയേയും വിഷയത്തേയും ഗൗരവപ്പെടുത്തി പാമരജനങ്ങളിൽ നിന്നു് അകറ്റുകയാണു് ചെയ്തതു്. കാവ്യഭാഷയെ സംസാരഭാഷയോട് അടുപ്പിക്കുന്ന തിരക്കിൽ വെൺമണി

പ്രസ്ഥാനക്കാർ പലപ്പോഴും ഗ്രാമ്യതയിലേക്കു വഴുതിയിറങ്ങി. കാവ്യവിഷയം നിത്യജീവിതത്തിൽ നിന്നു ചികഞ്ഞെടുത്തപ്പോൾ അവർക്കു പ്രായേണ വിവേകം നഷ്ടപ്പെടുകയും ചെയ്തു."[1]

മലയാളകവിതയിലെ നിയോ-ക്ലാസിക് ധാരയിൽപ്പെടുന്ന ഈ കവികൾ പഴയ ഫ്യൂഡൽ സങ്കേതങ്ങളിൽ നിന്ന് തീർത്തും മോചിതരായിരുന്നില്ല. രാജാക്കൻമാരെ സ്തുതിച്ച് അവരുടെ പ്രീതി നേടുന്ന പ്രവണതയും കവികൾക്കുണ്ടായിരുന്നു.[2]

19-ാം നൂറ്റാണ്ടിൽ മലയാളകാവ്യലോകത്തെ ഇളക്കിമറിച്ച സംവാദങ്ങളും പോർവിളികളുമെല്ലാം ജീവിതത്തിന്റെ ആഴങ്ങളെ അളന്നിരുന്നില്ല. കവികൾ പല ചേരികളായി തിരിഞ്ഞ് വാദപ്രതിവാദങ്ങളിൽ ഏർപ്പെട്ടു. 'കവി പക്വാവലി', 'കവിപുഷ്പമാല' എന്നീ കൃതികൾ ഉദാഹരണം. കവികളെ പലതരം പഴങ്ങളായി ചിത്രീകരിച്ച് പല കവികൾ ചേർന്നു രചിച്ചതാണ് 'കവിപക്വാവലി'. ഇതിനെ മാതൃകയാക്കി കാത്തുള്ളിൽ അച്യുതമേനോൻ രചിച്ചതത്രേ 'കവിപുഷ്പമാല'. കവികളെ പുഷ്പങ്ങളായാണ് ഈ കൃതിയിൽ ചിത്രീകരിച്ചിരിക്കുന്നത്. ഈ കൃതികളെച്ചൊല്ലിയുണ്ടായ വാദപ്രതിവാദങ്ങൾ പത്രമാസികകളിൽ നിറഞ്ഞു നിന്നു. കുഞ്ഞിക്കുട്ടൻ തമ്പുരാൻ രചിച്ച കവിഭാരതം (1887) ഒട്ടേറെ വിവാദങ്ങളുയർത്തി. മലയാള കവികൾക്ക് മഹാഭാരതത്തിലെ വിവിധ കഥാപാത്രങ്ങളുടെ മുഖച്ഛായ നല്കി രചിച്ച ഈ കൃതിയിൽ ചില കവികളെ മനഃപൂർവ്വം അവഗണിച്ചതായി പരാതിയുയർന്നു. 'കവിഭാരത'ത്തിന് തിരിച്ചടിയായിരുന്നു, മൂലൂർ എസ്. പത്മനാഭപ്പണിക്കരുടെ 'കവിരാമായണം' (1896). അതോടെ പത്രമാസികകളിൽ തുറന്ന യുദ്ധത്തിന്റെ ആരംഭമായി.

ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ 'കവിമൃഗാവലി'യിലൂടെ മൂലൂരിനെ പരിഹസിച്ചു.

സാഹിത്യചരിത്രത്തിൽ രേഖപ്പെട്ടു കിടക്കുന്ന ദ്വിതീയാക്ഷരപ്രാസവാദം സാഹിതീയമായ പ്രമാണങ്ങളിൽ ഊന്നിയിരുന്നു. അതുകൊണ്ട്, അത് കുറേ കൂടി ഗൗരവമാർന്നതായി. എങ്കിലും ഈ വിവാദത്തിനും ഒരു ചേരിപ്പോരിന്റെ സ്വഭാവമാണുണ്ടായിരുന്നത്. പ്രാസത്തെ സംബന്ധിച്ച് കവികൾ അവരുടെ ഇഷ്ടാനിഷ്ടങ്ങളിൽ ഉറച്ചുനിന്നു. ദ്വിതീയാക്ഷരപ്രാസത്തിന്റെ അനുപേക്ഷണീയതയെ എതിർത്ത കവികളും സ്വന്തം രചനകളിൽ പ്രാസം ദീക്ഷിച്ചതായി കാണുന്നുണ്ട്.

സമസ്യാപൂരണങ്ങളും ദ്രുതകവനങ്ങളും ഇക്കാലത്ത് ഏറെ പ്രചാരത്തിൽ വന്നു. മഹാകാവ്യങ്ങൾ രചിച്ച് മഹാകവിപ്പട്ടം നേടുവാനുള്ള കവികളുടെ വ്യാമോഹങ്ങളും വർദ്ധിച്ചു. മഹാകാവ്യങ്ങൾ പത്രമാസികകളിൽ ഖണ്ഡശഃ പ്രസിദ്ധീകരിക്കുന്ന പതിവുണ്ടായി.

ഇക്കാലത്തു പ്രതിഭാശാലികളായ കവികൾ പലരുണ്ടായിരുന്നെങ്കിലും, ദർശനവൈകല്യം മൂലം, ഒന്നാംകിട കൃതികൾ ലഭിക്കാതെപോയി.

"കാല്പനിക വിപ്ലവം എന്നു വിവരിക്കാറുള്ള നവ്യകാന്തിപ്രസരം ഇവിടെ കവിതയുടെ രൂപത്തിലും ഭാവത്തിലും മാറ്റം വരുത്തി. പ്രതീചിയുടെ വിഹായസ്സിൽ ജ്വലിച്ച കാല്പനികതാരവും, ഉദയാദ്രിയിൽ ഉല്പന്നശോഭമായ അതിന്റെ പുനരവതാരവും ഇവിടുത്തെ സജ്ജീകൃത കാല്പനിക ചേതസ്സുകളെ പെട്ടെന്നു ജ്വലിപ്പിച്ചു. എന്തെന്നാൽ അവിടെയും ഇവിടെയും

ദ്യോതിപ്പിച്ച ജ്യോതിസ്സ് ഒരേ അഗ്നിയുടെ പൊരി തന്നെയായിരുന്നു. പ്രാചിയിൽ നിന്നു വീശിയ വംഗപ്രഭാതവാതവും ഉദിച്ചുയർന്ന രവിയും ഇവിടെ നളിനങ്ങളെ ഉൽഫുല്ലങ്ങളാക്കി. അവയ്ക്കുള്ളിൽ വീർപ്പുമുട്ടി കിടന്ന ഭൃംഗങ്ങളെ മോഹാലസ്യത്തിൽ നിന്നുണർത്തി. അവയ്ക്കു പുതിയ ചിറകുകളും പുതിയ നാദങ്ങളും നല്കി. കല്ലായിക്കിടന്നിരുന്ന കേരളീയ കവിതയിൽ നിന്നു് പുതിയ കാലത്തിന്റെ പാദപാതമേറ്റ് ഒരു അഹല്യ ഉണർന്നെണീറ്റു. ആനന്ദന്റെ സമദർശിത്വത്തിലേക്കു് ഉണർന്ന മുഗ്ദ്ധയായ ചണ്ഡാലികയുടെ കണ്ണിലെ മൂടൽ നീങ്ങിയതുപോലെ സമൂഹചേതന പുതു വെളിച്ചത്തിലേയ്ക്കുണർന്നു. മൂടൽ മാഞ്ഞു. ദാർശനികക്ഷേത്രത്തിൽ സ്വാമി വിവേകാനന്ദനും രാഷ്ട്രീയക്ഷേത്രത്തിൽ മഹാത്മാഗാന്ധി മുതലായവരും കലാസാഹിത്യാദിക്ഷേത്രങ്ങളിൽ രവീന്ദ്രനാഥടാഗോർ മുതലായവരും വിതച്ച പ്രകാശബീജങ്ങളെ ആവാഹിക്കുവാൻ മറ്റ് ഏതു പ്രധാനഭാരതീയ ഭാഷാകവിചേതനകളേയും പോലെ, ഉണർന്ന കേരളീയകവിചേതനയും സന്നദ്ധമായി." [3]

## കെ.സി. കേശവപിള്ള (1868-1914)

ദേശാഭിമാനോത്തേജകങ്ങളും സ്വാതന്ത്ര്യ ബോധത്തെ ഉദ്ദീപിപ്പിക്കുന്നവയുമായ കവിതകൾ ഈ കാലത്തു് 'ഭാഷാപോഷിണി'യിൽ പ്രസിദ്ധീകരിച്ചു തുടങ്ങി. കെ.സി. കേശവപിള്ള 'വന്ദേമാതര'ത്തിലെ (ബങ്കിംചന്ദ്രന്റെ) ചില ആശയങ്ങളെ ഉപജീവിച്ചു രചിച്ച ഒരു കീർത്തനം ഭാഷാപോഷിണിയിൽ (1082 കന്നി-തുലാം) പ്രകാശിതമായി.[4] അതിന്റെ പൂർണ്ണരൂപം താഴെച്ചേർക്കുന്നു.

ശുഭമായ വന്ദേ മാതരം-ഹൃദികരുതുക നിരുപമ
ശുഭമായ വന്ദേമാതരം
സുഭഗതയാർന്നൊരു ഭാരതമഹിയുടെ
പുത്രരായ നാമൊരുമ കലർന്നിഹ -ശുഭമായ

ഇമ്മഹിയായിടുമമ്മയിൽ നാമതി-
നിർമ്മലതമിയലും ബഹുമതിയൊടു -ശുഭ

2

നിസ്തുലമായിടുമിവളുടെ മഹിമയെ
വിസ്തരിച്ചു പറവാൻ പണി; നാമതി-ശുഭ

3

കണ്ണിനു സുഖമാം ഹിമഗിരിയാലിവൾ
വിണ്ണിനുള്ള മൈത്രിയെയരുളുന്നു-ശുഭ

4

പാവനഗംഗാനദിയുടെ മഹിമകൾ
ഭാവനാവിഷയമോ ബത; നാമതി -ശുഭ

5

ഇവളുടെ കീർത്തിയെയിഹ നിലനിർത്തുക
യൊന്നു തന്നെ കർത്തവ്യം നമ്മുടെ-ശുഭ [5]

എന്നിങ്ങനെ ഭാരതത്തിന്റെ മഹത്വം പ്രകീർത്തിക്കുന്നതായിരുന്നു, ആ ഗാനം.

**വി.സി. ബാലകൃഷ്ണപ്പണിക്കർ** (1869 – 1915)

ഭാഷാപോഷിണിയുടെ അതേ ലക്കത്തിൽ (1082 കന്നി-തുലാം) വി.സി. ബാലകൃഷ്ണപ്പണിക്കരുടെ 'മാമ്പഴം' എന്ന കവിതയും ഉണ്ടായിരുന്നു

എന്നു് പ്രൊഫ: സി.കെ. മൂസ്സതു് പ്രസ്താവിക്കുന്നു. "പുറമേക്കു ജനാധിപത്യം പറഞ്ഞു സാംപത്തികമായും ആത്മീയമായും ഭാരതത്തെ വഞ്ചിക്കുന്ന ബ്രിട്ടീഷ് ഭരണത്തെ പരോക്ഷമായി ആക്ഷേപിക്കുന്ന പ്രതീകാത്മക പദ്യമായി മാംപഴം ആസ്വദിക്കപ്പെട്ടു"[6] എന്നും അദ്ദേഹം അനുസ്മരിക്കുന്നു.

പുറമേ മൃദുലതയും പൊൻനിറവുമുള്ള മാംപഴം അകമേ കഠിനതയും പുലർത്തുന്നതിനാൽ ഒരു കശ്മലനല്ലേ എന്നു് ചോദിച്ചുകൊണ്ടാണു കവിത ആരംഭിക്കുന്നതു്. ഈ ഉരുമട്ട് എല്ലാവർക്കും ഇഷ്ടപ്പെടുകയില്ല എന്നും മറ്റുമുള്ള പരാമർശങ്ങൾ പരോക്ഷമായി ബ്രിട്ടീഷാധിപത്യത്തെ പരിഹസിക്കുവാനായിരുന്നു എന്നു പറയാമെങ്കിലും കവിത പൂർണ്ണമായും ആ ലക്ഷ്യത്തോടുകൂടിയതാണെന്നു കരുതുവാൻ കഴിയുകയില്ല. 'മാംപഴം' ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിലും രചയിതാവിന്റെ പേരു ചേർത്തിട്ടില്ല. തൻമൂലം അതു് വി.സി.യുടെ കൃതിയാണെന്നു് സ്ഥിരീകരിക്കുവാൻ സാധിക്കുന്നുമില്ല.

സാമ്രാജ്യഗാഥ[7], ഭൂപാലമംഗളം[8], ഹാനോവർ വംശാവലി[9] എന്നിങ്ങനെയുള്ള ചക്രവർത്തിമംഗളങ്ങളും വി.സി. രചിച്ചിട്ടുണ്ട്.

"ബ്രിട്ടീഷുസിംഹക്കൊടിക്കൂറ തന്നിളം കാറ്റു
തട്ടീടുന്നവർക്കുണ്ടാമുൻമേഷമെന്തു ചൊല്വൂ"[10]

എന്നു് ഒരു സാമ്രാജ്യഭക്തനായി 'സാമ്രാജ്യഗാഥ'യിൽ കവി പ്രത്യക്ഷപ്പെടുന്നു.

"നാട്ടിൽ പരിഷ്കാര രസപ്രവാഹം
കൂട്ടിപ്പുളയ്ക്കുന്ന ഫലങ്ങളോടും
ബ്രിട്ടീഷുസാമ്രാജ്യമരം സമൃദ്ധി-
പ്പെട്ടിന്നു മിന്നുന്നു വിലാസപൂർണ്ണം"[11]

എന്നാരംഭിക്കുന്ന 'ഭൂപാലമംഗളം' എന്ന കൃതിയിൽ 14 ശ്ലോകങ്ങളാണുള്ളത്. ജർഹി കിരീടധാരണവേളയിൽ രാജാവിനും രാജ്ഞിക്കും മംഗളങ്ങൾ നേർന്നുകൊണ്ടെഴുതിയതാണ് ഈ കൃതി. 'ഹാനോവർ വംശാവലി' എന്ന കൃതി പേരു സൂചിപ്പിക്കുന്നതുപോലെ ബ്രിട്ടിഷ് രാജവംശത്തിന്റെ പട്ടിക അവതരിപ്പിക്കുന്നതാണ്. 25 ശ്ലോകങ്ങളുള്ള കൃതിയിലെ ആദ്യശ്ലോകം

"വെള്ളം പോലെ പല കരകളും
കീഴടക്കിബ്ഭരിക്കും
വെള്ളക്കാർ തൻ പിറവി നിലമാ-
മിംഗലാണ്ടെന്ന രാജ്യം
ഉള്ളത്തിങ്കൽ കുതുകമരുളി-
ക്കേമമായുല്ലസിപ്പൂ
വെള്ളത്താരിൻമകളുടെ കളി-
യ്ക്കുള്ള പൂങ്കാവുപോലെ"[12]

എന്നു പ്രശംസ നിർലോപം ചൊരിഞ്ഞുകൊണ്ടുള്ളതാണ്.

വി.സി.യെ ബ്രിട്ടിഷ് സാമ്രാജ്യഭക്തിയിൽ നിന്നു മോചിപ്പിക്കുകയും ദേശീയമായ വീക്ഷണത്തിന്റെ ആവശ്യം ബോദ്ധ്യപ്പെടുത്തുകയും ചെയ്തത് 'മാതൃഭൂമി'യുടെ സ്ഥാപകൻമാരിലൊരാളും ഒന്നാമത്തെ കെ.പി.സി.സി. പ്രസിഡൻറുമായിരുന്ന കെ. മാധവൻ നായരായിരുന്നു എന്നു പ്രൊഫ.സി.കെ. മൂസ്സതു പ്രസ്താവിക്കുന്നു.[13] അങ്ങനെയുണ്ടായ കവിതാപരിണതിയുടെ ഫലങ്ങളാണ് പില്ക്കാലകവിതയിൽ.

അന്യാപദേശ രീതിയിൽ ഗാന്ധിജിയുടെ ദക്ഷിണാഫ്രിക്കൻ ജീവിതം സൂചിപ്പിക്കുന്ന ഒരു കവിത വി.സി. രചിച്ചിട്ടുണ്ട്. ഭാഷാപോഷിണിയിൽ

ഈ കവിത പ്രസിദ്ധീകൃതമായി.[14]

ഉള്ളത്തിൽ സുഖമേകുമാറുദിതനാം
നിന്നെപ്പിടിച്ചാറെഴും
വെള്ളക്കാർ പിടിപെട്ടു ഗോനിര തടു-
ത്തയ്യോ കുഴക്കുന്നതേ
കൊള്ളക്കാരിവരസ്തമിക്കുമൊരു നാ-
ളന്നത്ഭുത ശ്രീരസം
തള്ളട്ടേ നവതാത, ഭാരതമഹീ-
സൗഭാഗ്യഭാഗ്യപ്പിടി.[15]

(വർഷാചന്ദ്രൻ ശ്ലോകം 6)

ഗാന്ധിജി 'രാഷ്ട്രപിതാവാ'കുന്നതിനു് വളരെ മുൻപുതന്നെ 'നവതാത' എന്ന വിശേഷണം വി.സി. നല്കിക്കഴിഞ്ഞിരുന്നു.

ഗാന്ധിജിയെ കാരാഗൃഹത്തിലടച്ചിട്ടും യാതൊരു പ്രതിഷേധവും പ്രകടിപ്പിക്കാതെ ബ്രിട്ടീഷുകാർ നല്കുന്ന സ്ഥാനമാനങ്ങൾ വഹിച്ചു നടക്കുന്നവരോടുള്ള അമർഷവും പാശ്ചാത്യരെങ്കിലും ഭാരതീയരോടു് ആത്മബന്ധം പുലർത്തുന്ന സി.എഫ്. ആൻഡ്രൂസിനെപ്പോലെയുള്ളവരോടുള്ള ആദരവും മറ്റൊരു ശ്ലോകത്തിൽ ഇങ്ങനെ വ്യക്തമാക്കുന്നു.

താരാലാപമുതിർക്കുമെൻ കിളികളെ
ത്തെല്ലാശ്വസിപ്പിക്കുവാൻ
താരാപംക്തിയിതൊന്നുമില്ലവർ വെറും
മൂകാസുരച്ചേട്ടകൾ
ഓരാതീവിധമോർത്തു മാഴ്കരുതു നീ
നിൻമോചന പ്രാർത്ഥനാ-
ധീരാലാപികൾ മിന്നിടുന്നു ചിലര
പ്പാശ്ചാത്യ രാജ്യങ്ങളിൽ.[16]

(വർഷാചന്ദ്രൻ. ശ്ലോകം 18)

ഗാന്ധിജിയെ തടവിലാക്കിയ ബ്രിട്ടീഷ് ശക്തി അസ്തമിക്കുമെന്ന വിശ്വാസവും, 'സ്വരാജി'നെക്കുറിച്ചുള്ള പ്രതീക്ഷയും അന്നു തന്നെ കവിക്കു സാദ്ധ്യമായി എന്നു് ഈ ശ്ലോകത്തിൽ വ്യക്തമാകുന്നു:

കൊണ്ടൽ കോളുകളൊത്തു വന്നിഹ
പടിഞ്ഞാറെക്കടലിനപ്പുറം
കണ്ടപോലലറിച്ചിരിച്ചൊരു വിധം
നിന്നെപ്പിടിച്ചെങ്കിലും
ഇണ്ടൽപ്പെട്ടു വിളങ്ങിടേണ്ട, വെറുതേ
വങ്കാറ്റു വന്നാലുടൻ
കിണ്ടം പറ്റുമവർക്കു, നീ വിലസുമ- [17]
ന്നിന്ത്യാ 'സ്വരാജോ'പമം.

(വർഷാചന്ദ്രൻ. ശ്ലോകം. 9)

ബ്രിട്ടീഷ് ഭരണം മൂലം ഇൻഡ്യയ്ക്കുണ്ടായ പല നേട്ടങ്ങളേയും കൃതജ്ഞതാപുരസ്സരം ആദ്യം അഭിനന്ദിച്ച കവി പിന്നീട് ദേശീയ പ്രസ്ഥാനത്തിന്റെ സ്വാധീനമുൾക്കൊള്ളുന്നതായി നാം കാണുന്നു. ഇൻഡ്യൻ നാഷനൽ കോൺഗ്രസിന്റെ ആദ്യകാല സമ്മേളനങ്ങളിൽപോലും ബ്രിട്ടീഷ് വാഴ്ച ശ്ലാഘിക്കപ്പെട്ടിരുന്നു. ആ നിലയിൽ സാമ്രാജ്യസ്തുതിയുടെ പാരംപര്യം തുടരുവാൻ വി.സി.യും പ്രേരിതനായിരിക്കാം, ആദ്യകാലത്തു്..

കുട്ടികളെ ഉദ്ദേശിച്ചെഴുതിയ 'നീതിസാര പദ്യങ്ങൾ' എന്ന കൃതിയിൽ പോലും ദേശീയപ്രസ്ഥാനത്തിന്റെ അലയൊലികൾ കേൾക്കാം.

ക്രിസ്തു, ജൈനർ, നബി, ശിവൻ,
ബുദ്ധനെന്നു വിളിച്ചവർ
ഒത്തു നോക്കുന്ന നേരത്തിൽ
ചിത്തുതൻ വകഭേദമാം [18]

എന്ന മട്ടിലുള്ള സർവ്വധർമ്മ സമഭാവന പ്രസ്തുത സ്വാധീനതയുടെ ബഹിഃസ്ഫുരണമാണ്. നൂറു ശ്ലോകങ്ങളുള്ള ഈ കൃതിയിൽ അങ്ങിങ്ങായി നിർഭയത്വം, കർമ്മയോഗം, മദ്യവിരോധം എന്നിങ്ങനെ ദേശീയപ്രസ്ഥാനനിഷ്ഠമായ വിഷയങ്ങൾ കടന്നുവരുന്നതും ശ്രദ്ധേയമത്രെ.

കടപ്പുറത്ത്, ഒരുരാത്രിയിൽ, പ്രകൃതിയുമായി സംവദിച്ച കവിയുടെ മനസ്സിൽ ഉദിച്ചുയർന്ന ചിന്തകളാവിഷ്കരിക്കുന്ന 'വിശ്വരൂപം' മലയാളത്തിലെ കാല്പനിക കവിതകളിൽ പ്രാതഃസ്മരണീയമാണ്. ആത്മനിഷ്ഠമായ ഈ കവിതയിലും ദേശീയനേതാക്കളോടുള്ള ആദരം നിഗൂഹനം ചെയ്യുന്നുണ്ട്.

'പാശ്ചാത്യ പദ്ധതി പിടിച്ചുഴലും ജനത്തെ-
പ്പുച്ഛിച്ചുകൊണ്ടു നിജഗോപ്രസരം പരത്തി
പൂർവ്വാശയാം കമനി തൻ തിലകായമാനൻ
പിയൂഷദീധിതി ജനോത്സവമൊത്തുദിച്ചു'[19]

ചന്ദ്രോദയവർണ്ണനയിൽ, ഭാഷയിൽ ദീക്ഷിക്കപ്പെടുന്ന ശ്ലേഷത്തിൽ നിന്ന്, ദേശീയപ്രസ്ഥാന നായകനായ തിലകൻ പ്രതീയമാനനാകുന്നു.

വി.സി. പത്ര പ്രവർത്തനരംഗത്തും ശ്രദ്ധേയമായ നേട്ടങ്ങളുളവാക്കി. തൃശൂരിൽ നിന്നു പുറപ്പെട്ട 'കേരള ചിന്താമണി'യുടെയും, പിന്നീട് തിരൂരിൽ നിന്നു പുറപ്പെട്ട 'മലബാറി'യുടെയും, അവസാനം കൊച്ചിയിൽ നിന്നു പുറപ്പെട്ട 'ചക്രവർത്തി'യുടെയും സ്ഥാപക പത്രാധിപരായിരുന്നു, അദ്ദേഹം. കേരള ചിന്താമണിയിൽ പത്രാധിപത്യമേല്ക്കുംപോൾ

ബാലകൃഷ്ണപിള്ളയ്ക്കു പതിനാറു വയസ്സായിരുന്നു.

പത്രപ്രവർത്തനത്തിലൂടെ കേരളത്തിന്റെ പുനരുദ്ധാരണം സാധിക്കുകയെന്നതു് ബാലകൃഷ്ണപിള്ളയുടെ സ്വപ്നമായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ ബംഗാളിൽ പ്രോജ്വലിച്ച ദേശാഭിമാനം അദ്ദേഹത്തെ വശീകരിച്ചു. "എഴുതണം, പ്രസംഗിക്കണം, ബംഗാളികളുടെ ചൊറുചൊറുക്കു സമ്പാദിക്കണം" എന്നു് അവസരം വരുമ്പോഴൊക്കെ തന്നെ ചെറുപ്പക്കാരെ അദ്ദേഹം ഉപദേശിക്കുകയും ചെയ്തു.[20]

ബാലകൃഷ്ണപിള്ള 'കേരള ചിന്താമണി' പത്രാധിപരായിരുന്ന കാലത്തു്, തിരുവിതാംകൂർ കൊച്ചി സംസ്ഥാനത്തെ റസിഡന്റ് മി.കാർ എന്ന ഇംഗ്ലീഷുകാരനായിരുന്നു. ദേശീയബോധമുള്ള യുവാക്കളുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുവാൻ ഇദ്ദേഹം ശ്രമിച്ചു. തൃശൂർ സി. എം.എസ്.ഹൈസ്കൂൾ അങ്കണത്തിൽ ചേർന്ന ഒരു പൊതുയോഗത്തിൽ ബാലകൃഷ്ണപിള്ള പ്രസംഗിക്കാൻ തെരഞ്ഞെടുത്ത വിഷയം 'കാറു പിടിച്ച ഭരണം' ആയിരുന്നു. ആ പ്രസംഗം ഒട്ടേറെ വിവാദങ്ങൾ സൃഷ്ടിച്ചു.[21]

വി.സി. 'മലബാറി' പത്രാധിപരായിരുന്ന കാലത്തു് സ്വാതന്ത്ര്യപ്രേമികളെ സംഘടിപ്പിച്ച് 'ദേശഭക്ത സമാജം' എന്നൊരു സഭ രൂപീകരിച്ചു. ഈ സഭ ഏറെക്കാലം നിലനിന്നില്ല.

പത്രാധിപരായി പ്രവർത്തിച്ച വി.സി. ബാലകൃഷ്ണപിള്ളയുടെ മുഖപ്രസംഗങ്ങളും ലേഖനങ്ങളും അദ്ദേഹത്തിന്റെ ജനാധിപത്യ സങ്കല്പങ്ങളെയും സ്വാതന്ത്ര്യബോധത്തെയും ദേശസ്നേഹത്തെയും വ്യക്തമാക്കുന്നു.

ദേശീയപ്രസ്ഥാനം വി.സി.യുടെ ചിന്താഗതികളെ അഗാധമായി സ്വാധീനിച്ചിരുന്നു എന്നതിന്റെ നിദർശനങ്ങളാണവ. 'കേരളചിന്താമണി' (പു.4 ല.7. മേടം 25, 1084. പുറം 45-7) യിൽ എഴുതിയ 'ചിന്താമണി' എന്ന പംക്തിയിൽ നിന്നു് ഒരു ഭാഗം ഉദ്ധരിക്കുന്നു.

"ലോകത്തിൽ ആകെ ബാധിച്ച ഈ ഉണർച്ച നമ്മുടെ മാതൃഭൂമിയേയും ഒന്നിളക്കിമറിച്ചിരിക്കുന്നതായി നാം അറിഞ്ഞിട്ടുണ്ടല്ലോ. പാശ്ചാത്യവിദ്യാഭ്യാസം, സ്വാതന്ത്ര്യേച്ഛ, ഭാരതമഹാജനസഭ, ആചാരപരിഷ്കാരസഭ, വ്യവസായാലോചനാസഭ എന്നീ സാമഗ്രികൾ ഒരു നവ്യഭാരതത്തെ സൃഷ്ടിച്ചിരിക്കുന്നു എന്നു നിസ്സന്ദേഹം പറയാം. വിവേകാനന്ദൻ, ദയാനന്ദ സരസ്വതി, മഹർഷി ദേവേന്ദ്രനാഥ ടാഗോർ മുതലായ ദിവ്യൻമാരുടെ ഉപദേശങ്ങളാലും, ദാദാഭായ് നവറോജി, ഉമേശചന്ദ്ര ബാനർജി, ആനന്ദമോഹന ബോസ് മുതലായ മഹാമനസ്കൻമാരുടെ അശ്രാന്തപരിശ്രമത്താലും ഉത്ഭവിച്ച്, സുരേന്ദ്രനാഥ ബാനർജി മുതലായ വാഗ്മികളുടെ വാക്പ്രസരങ്ങളാൽ കത്തിപ്പിടർന്നു് ഗോഖലെ, മേഥ, പാകൃ മുതലായ നയകോവിദൻമാരുടെ നാനാതന്ത്രങ്ങൾ കൊണ്ട് ചുററിച്ചുഴന്നു വന്നിരുന്ന നമ്മുടെ സ്വദേശാഭിമാന വഹ്നി, ബംഗാള വിഭാഗത്തിനു ശേഷം സ്വദേശിക്കാററിൽ ആളിപ്പൊങ്ങി രാഷ്ട്രീയമതക്കാരുടെയും അവരുടെ നേതാക്കൻമാരുടെയും ആത്മവിശ്വാസത്താൽ അടിയുറപ്പിച്ച സ്വരാജ്യവാദജ്ജ്വാലകളാൽ ഉദ്ദീപ്തമായിരിക്കുന്നു."[22]

സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടുകടത്തിയതു സംബന്ധിച്ച് 'മലബാറി'യിൽ വി.സി. ബാലകൃഷ്ണപ്പണിക്കർ 'ഉദയഭാനു' എന്ന തൂലികാനാമത്തിൽ ഒരു ലേഖന പരംപര തന്നെ എഴുതുകയുണ്ടായി. 1910

ഒക്ടോ.26 മുതൽ 1911 ജനു. 11 വരെ 'മലബാറി'യുടെ പത്തു ലക്കങ്ങളിലായാണ് ലേഖനപരംപര പൂർത്തിയായത്.[23]

1889-ൽ ജനിച്ച വി.സി. 21 വയസ്സു തികയുന്നതിനു മുൻപു തന്നെ അന്തരിച്ചു. പക്ഷെ, ഉല്ക്കാസദൃശമായ ജീവിതം കൊണ്ട് സാഹിത്യം, രാജ്യസേവനം, പത്രപ്രവർത്തനം എന്നീ മേഖലകളിൽ സ്വകീയമുദ്ര പതിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. കേരളദേശീയതയുടെ ആദ്യ ഗാതാക്കളിൽ ഒരാളാകുവാൻ വി.സിക്ക് ഭാഗ്യമുണ്ടായി.

**നാലപ്പാട്ടു നാരായണ മേനോൻ (1888-1955)**

യൗവ്വനത്തിൽ തന്നെ ബ്രഹ്മവിദ്യാസംഘത്തിന്റെ സിദ്ധാന്തങ്ങളിൽ ആകൃഷ്ടനായിരുന്നു, നാലപ്പാട്ട് നാരായണമേനോൻ. 1917-ൽ ആണ് സംഘത്തിന്റെ ഫെല്ലോ ആകുന്നത്. പ്രശസ്തരായ തിയസോഫിസ്റ്റുകളുടെ ഗ്രന്ഥങ്ങൾ വായിക്കുമായിരുന്നു. എഡ്വിൻ അർനോൾഡിന്റെ 'ലൈറ്റ് ഓഫ് ഏഷ്യാ എന്ന ബുദ്ധചരിത കാവ്യം 'പൗരസ്ത്യദീപം' എന്ന പേരിൽ വിവർത്തനം ചെയ്യുവാനിടയായതും തിയോസഫിക്കൽ സൊസൈറ്റിയുമായുണ്ടായ ബന്ധം നിമിത്തമാണ്.[24]

നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ആരംഭത്തിൽ, ഗാന്ധിയൻ സിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്നതിലും, ചർക്ക, തറി മുതലായവ ഉപയോഗിച്ച് ഖദർ നിർമ്മിക്കുന്നതിലും അദ്ദേഹം താല്പര്യം കാണിച്ചിരുന്നു. വീട്ടിൽ തന്നെ തറിയിടാൻ വേണ്ടുന്ന സാമഗ്രികൾ ശേഖരിക്കുകയും ചെയ്തു.

പത്നിയുടെ മരണം അത്തരം പ്രവർത്തനങ്ങളെയെല്ലാം തകിടം മറിച്ചു.[25]

1084 മകരത്തിൽ രചിച്ച 'മാതൃഭൂമി' എന്ന കവിതയിൽ ഭാരതത്തിന്റെ പൗരാണിക മഹത്ത്വത്തെ പ്രകീർത്തിക്കുന്നു. ഭൂതകാലത്തിൽ നിന്നു് ശക്തിയാർജിച്ചു് ധീരരാകുവാൻ ആഹ്വാനം ചെയ്യുന്ന ഈ കവിത പല ദേശീയ നേതാക്കളേയും അനുസ്മരിച്ചു കൊണ്ടാണവസാനിക്കുന്നതു്.

ശ്രീമത് ഗിരിതാചലാദി പ്രകൃതി വരവിലാ-
സാഢ്യയായ്, വിശ്വപുണ്യ-
സ്തോമം മൂർത്തീഭവിച്ചുള്ളനവധി മുനിവീ-
രർക്കു പെററമ്മയായി,
കാമം ബ്രഹ്മാത്മതത്ത്വാതുല വിളനിലമായ്,
ശുദ്ധയായ് പുണ്യഭൂമി-
നാമം പറ്റുന്നൊരിന്ത്യേ, ഭവതിയൊടണയാ-
വുന്നതോ നാകമെന്നും?
ഈ മണ്ണിനായ് സജീവൻ കരുതിയ മുനിമാർ,
നിസ്തുലം വിശ്വരക്ഷാ-
സാമർത്ഥ്യം കാട്ടി നിസ്സംഗതയൊടു വിലസി-
പ്പോന്ന രാജോത്തമൻമാർ,
നാമം പൊങ്ങാൻ കൊതിയ്ക്കാത്തൊരു കവികൾ മുറ-
യ്ക്കായി മാത്രം പൊരുന്നോ-
രീ, മട്ടിൽപ്പുണ്യവാൻമാർക്കറുതി തവ വിനാ-
ശത്തിൽ വന്നേയ്ക്കുമല്ലോ.[26]

സീത, സാവിത്രി, ശീലാവതി മുതലായ ദിവ്യചാരിത്രവതികൾക്കും ശ്രീരാമസ്വാമി തൊട്ടുള്ളനവധി മഹാമാതൃകാ പുരുഷൻമാർക്കും ജൻമമേകിയ നാട്ടിൽ മനുഷ്യർക്കു ദുരിതങ്ങൾ പലതുണ്ട്- ദുഷ്ടൻമാരുടെ ഉപദ്രവം, രോഗം, ദാരിദ്ര്യം, അനൈക്യം ഇങ്ങിനെ. എങ്കിലും ഭാരതത്തിന്റെ മണ്ണിൽ ജനിച്ചവർക്ക് ഈ ഭാരതഭൂമിയുടെ പുത്രൻമാരാണ് എന്ന സ്മരണ തന്നെ പുരുഷാർത്ഥങ്ങൾ നേടിക്കൊടുക്കുന്നു.

ഉപനിഷത്തുകളുടെ നാടിന് ഭയത്തെ കളയുവാൻ ബുദ്ധിമുട്ടാകയില്ല എന്നാണു കവിയുടെ വിശ്വാസം.

ആരാലോചിക്കു മറ്റുള്ളവരുടെ മത, മ-
ല്ലെങ്കിലാത്മാഭിമാനം
ചേരാനായ് നീ തുണയ്ക്കും പൊഴുതിലുമെതിനെ-
ക്കുസുമീ നിൻ സുതൻമാർ.

നേരായീടും വഴിയ്ക്കുള്ളിവരുടെ ഗതി നി-
ർത്തീടുവാനിന്നു ലോകം
പോരാ, പോരാ ഭയത്തെക്കളയുമുപനി-
ഷത്തിന്റെ നാടിന്ന്യഷാം നീ.

സ്വാതന്ത്ര്യം കയ്യിലാകാനൊരു വഴിജനത-
യ്ക്കങ്ങു കാട്ടിക്കൊടുക്കും
നീ തന്നേ ദാസഭാവത്തിനു കളിനിലമാ-
കെന്തുണ്ടാവതാണോ?

ആതങ്കം വേണ്ട, നിൻ തൃക്കനിവിതരലിരി-
ക്കട്ടെ ദിവ്യപ്രഭാവ-
ശ്രീ തങ്കുമംബികേ, നീ നിരുപമമഹിമാ-
വൊത്തു നിത്യം ജയിക്കും.[27]

മഹാപുരുഷൻമാരുടെ ജൻമഭൂമിയായ ഇൻഡ്യയ്ക്ക് മാലകറ്റാനും കഴിയും എന്ന് പ്രഖ്യാപിച്ചു കൊണ്ടാണു കവിത അവസാനിക്കുന്നത്.

ശ്രീ 'ലാലാ' പത്തിനാൽ ഗോകുല 'മദന' 'നന-
ന്താ'ദി വൈകുണ്ഠനാഥൻ
നീലാബ്ജാക്ഷൻ 'സുരേന്ദ്രാ'ർച്ചിത ബുധ 'തിലകൻ'
ലോക 'പാല' 'പ്രസന്നൻ'
ലീലാ 'കൃഷ്ണൻ' തുടങ്ങിപ്പലരുടെ ജനിഭൂ-
വാകുമെന്നിന്ത്യ നീയേ
മാലാകാനുള്ളു ഞങ്ങൾക്ക, നുദിനമവിടേ
യ്ക്കായ് നമസ്കാരമമ്മേ! [28]

നാലപ്പാടിന്റെ ഇതര കൃതികളിൽ ദേശീയപ്രബുദ്ധത പ്രകടമല്ലെങ്കിലും, അതിന്റെ സ്വാധീനത അന്തർധാരയായുണ്ട്. ഡോ. എം. ലീലാവതിയുടെ നിരീക്ഷണം ശ്രദ്ധേയമായിത്തോന്നുന്നു. "ബ്രഹ്മവിദ്യാസംഘത്തിന്റെ ദാർശനികാന്വേഷണങ്ങളോട് അദ്ദേഹം സമ്പർക്കം പുലർത്തിയിരുന്നില്ലെങ്കിൽ, 'ലൈറ്റ് ഓഫ് ഏഷ്യ'യുടെ വിവർത്തനത്തിൽ ഏർപ്പെടാനും സിദ്ധാർത്ഥന്റെ ഉള്ളുരുകിയ സത്യാന്വേഷണത്വരയെപ്പറ്റി തുടർച്ചയായി മനനം ചെയ്യാനും ഇടവന്നിരുന്നില്ലെങ്കിൽ ദാർശനികമാനങ്ങളോടു കൂടിയ പാശ്ചാത്യകാല്പനിക കവിതകളുടെയും ടാഗോർ കവിതകളുടെയും മാധുരി പാനം ചെയ്യുന്നതദ്ദേഹത്തിന്റെ ശീലമായിക്കഴിഞ്ഞിരുന്നില്ലെങ്കിൽ പ്രപഞ്ചത്തിന്റെ അനന്തവിസ്തൃതിയെക്കുറിച്ച് അക്കാലത്ത് ലഭ്യമായിരുന്നിടത്തോളം നവ്യശാസ്ത്രവിജ്ഞാനം ഉൾക്കൊള്ളാൻ അദ്ദേഹം അത്യുത്സാഹം പൂണ്ടിരുന്നില്ലെങ്കിൽ 'കണ്ണുനീർത്തുള്ളി'യോ 'പുളകാങ്കുരമോ' 'ചക്രവാളമോ' ഇന്നു കാണും വിധം രൂപപ്പെടുകയില്ലായിരുന്നു. കാലഘട്ടത്തിന്റേതായ നവപ്രബുദ്ധതയുടെ മുദ്രകൾ അവയിൽ ആഴത്തിൽ പതിഞ്ഞിട്ടുണ്ട്."[29]

**പി.ജി.രാമയ്യർ** (1877-1954)

ദേശീയപ്രസ്ഥാനത്തെ ശക്തിപ്പെടുത്തുവാൻ സഹായകമായ ചിന്താധാരകൾ സമൂഹത്തിൽ പ്രസരിപ്പിക്കുന്നതിനു ബോധപൂർവ്വം ശ്രമിച്ച കെ.മാധവൻ നായർ പല കവികളേയും ഈ ചിന്താധാരയിലേക്കു കൊണ്ടുവന്നിട്ടുള്ളതായി ജീവചരിത്രത്തിൽ സി.കെ. മൂസ്സത് പ്രസ്താവിക്കുന്നു.[30] മാധവൻനായരുടെ സ്വാധീനഫലമായി, തന്റെ സുഹൃത്തും കവിയുമായ പി.ജി. രാമയ്യർ സർവ്വമതസമന്വയതത്ത്വം ആവിഷ്കരിക്കുന്ന ഒരു പദ്യകൃതി എഴുതിയതായും ജീവചരിത്രത്തിൽ പരാമർശമുണ്ട്. ഈ കവിത, 'വിശേശ്വരന്റെ വിധി' എന്ന പേരിൽ 'ഭാഷാപോഷിണി'യിൽ പ്രസിദ്ധീകൃതമായി.[31]

പി.ജി. രാമയ്യർ 'മഹാനിര്യാണം' എന്ന പേരിൽ യേശുവിന്റെ കുരിശുമരണത്തെ പുരസ്കരിച്ചു രചിച്ച ശതകം യേശുവിനെയും കൃഷ്ണനെയും ഏകസ്വരൂപമായി വിഭാവനം ചെയ്തുകൊണ്ടു അവസാനിക്കുന്നു:

അല്ലേ സോദരരേ! നിനയ്ക്കുകിൽ മഹാ-
ത്മാവാകുമായേശുതാ-
നല്ലേ നമ്മുടെ കൃഷ്ണമൂർത്തിയറിവി-
ല്ലാതെ ഭ്രമിക്കുന്നു നാം.
നാനാജാതിമതസ്ഥരുള്ള ഭുവനം
നിഷ്പക്ഷവാതം സ്വയം
താനാനന്ദമിയന്നു വേണ്ടവിധമായ്
പാലിച്ചുപോരും പരൻ
ഭൂനാഥൻ, ഹര, നള്ള, യേശു മുതലായ്
കാലാനുരൂപങ്ങളാം
ശ്രീനാമങ്ങളനേകമാർന്ന ഭഗവാൻ
പാലിക്കണം നമ്മളെ![32]

## പി.വി. കൃഷ്ണവാരിയർ (1877-1959)

'കവനകൌമുദി'യുടെ പത്രാധിപരായി പ്രവർത്തിച്ച കോട്ടയ്ക്കൽ പി.വി. കൃഷ്ണവാരിയർ ഇക്കാലത്തെ ശ്രദ്ധേയനായ മറ്റൊരു കവിയത്രെ. ഈശ്വരസ്തോത്രങ്ങളും രാജമംഗളങ്ങളും ധാരാളമായി രചിച്ചിരുന്ന കവി കാലഘട്ടത്തിന്റെ മാറ്റങ്ങളുൾക്കൊണ്ടതായി പില്ക്കാലകവിതകൾ വ്യക്തമാക്കുന്നു.

"ഭാരതമാതാവേ ജയ! ഭാരതമാതാവേ, ഭവൽ-
പാരതന്ത്ര്യം തീർപ്പാൻ ഞങ്ങൾ പ്രതിജ്ഞ ചെയ്വൂ" [33]
(സ്വാതന്ത്ര്യഗീതം)

എന്നാരംഭിക്കുന്ന വഞ്ചിപ്പാട്ട് കോട്ടയ്ക്കൽ നടന്ന കോൺഗ്രസ് ഘോഷയാത്രയിൽ പാടുവാൻ രചിച്ചതാണ്.

"പൊന്നും മണ്ണും സമം ദർശിച്ചൊന്നും താൻ കാമിച്ചിടാതി-
ങ്ങെന്നും സത്യധർമ്മരക്ഷയ്ക്കുന്നുകയാലേ,
മന്നിടത്തിൽ സർവ്വമാന്യനിന്നിഗ്ഗാന്ധിദേവനേക-
നെന്നിവണ്ണം വന്നതോർത്താലെന്തുണ്ടാശ്ചര്യം?" [34]

എന്നിങ്ങനെ ഗാന്ധിജിയുടെ അപദാനങ്ങളെ പ്രകീർത്തിക്കുന്ന 'ഗാന്ധിജയന്തി' എന്ന കവിത കവിയുടെ ഗാന്ധിഭക്തി പ്രകടമാക്കുന്നു. ദേശാഭിമാനോത്തേജക കവിതയാണ്, 'മുന്നോട്ടു പോക നാം' [35]

"ഇമ്മഹി-മാനുഷസംസ്കാരസത്രത്തിൽ
ജന്മഭൂവെന്നും ജയിപ്പൂതാക"

എന്നു തുടങ്ങി ഭാരതത്തിന്റെ പൂർവ്വചരിത്രം അനുസ്മരിക്കുന്ന കവി, ജാതിചിന്തയാണു നമ്മുടെ അന്തഃഛിദ്രത്തിനും വൈദേശികാധിപത്യത്തിനും കാരണമായി കണ്ടെത്തുന്നതു്.

ജാതിപിശാചിന്റെ പല്ലിളി കണ്ടിട്ടു
ഭീതിപ്പെടുന്നവരല്ല, ഞങ്ങൾ.
നീതിമന്ത്രം ജപിച്ചൂതിയാലുദ്ഭൂത
ജാതിതൻ ഭസ്മമായ് പോകുമല്ലോ.
ഒന്നിച്ചുചേർന്നു നാം നന്ദിച്ചിരിക്കേണ്ടോർ
ഭിന്നിച്ചിജ്ജാതിതൻ ഭീഷണിയിൽ.[36]

എന്നു് ജാതിയുടെ പേരിലുള്ള ദുരാചാരങ്ങൾ ഒഴിവാക്കുവാനാവശ്യപ്പെടുന്ന കവി മതത്തിന്റെ പേരിലുള്ള വിശ്വാസങ്ങളുടെ നിരർത്ഥകതയും ചൂണ്ടിക്കാട്ടുന്നു.

"ക്രിസ്തുവും, കൃഷ്ണനും, ബുദ്ധൻ, മുഹമ്മദും
വസ്തുതയ്ക്കിന്നൊരേ വസ്തുവല്ലോ?"[37]

എന്നു് അനുസ്മരിക്കുന്നു.

ഭാഷാവിലാസം,[38] ഭാഷാസ്തവം,[39] കൈരളിയോട്[40] എന്നീ കവിതകൾ മലയാളഭാഷയെ പുരസ്കരിച്ചുള്ളതാണു്.

**കുട്ടമത്തു കുഞ്ഞികൃഷ്ണക്കുറുപ്പ്** (1881-1959)

യമകകാവ്യങ്ങളും സ്തോത്രകൃതികളും രചിച്ചു് മലയാളകവിതാരംഗത്തു് ശ്രദ്ധേയനായിരുന്ന കുട്ടമത്തു് ക്രമേണ ദേശീയപ്രസ്ഥാനത്തിന്റെ ധാരയിലേക്കു വന്നു. "യമകപ്രയത്നം, ഭക്തിപ്രകടനം, ഗ്രാമീണപുരാണ

കീർത്തനം ഈ വഴികളിലൂടെ മുന്നോട്ടുവന്നു കവി തന്റെ കാലത്തെ ജീവിതധാരയിൽ ഒടുവിൽ എത്തിച്ചേർന്നു. ദേവതാഭക്തിയിലൂടെ കവി ശ്രീരാമകൃഷ്ണൻ, ഗാന്ധിജി എന്നീ മഹാത്മാക്കളോടുള്ള ഭക്തിയിൽ എത്തിച്ചേർന്നപ്പോൾ അദ്ദേഹത്തിന്റെ അടുത്ത ഗതി രാജ്യസ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള മഹായത്നത്തിന്റെ മാർഗ്ഗത്തിലൂടെ ആയിത്തീർന്നതിൽ അസ്വാഭാവികമായി ഒന്നുമില്ല".[41]

ഗാന്ധിജിയെ 'അഹിംസ'യുടെ രക്ഷകനായി കാണുന്ന കവി ഗാന്ധിജിയിലൂടെ ഭാരതത്തിന്റെ കീർത്തി ദേശാന്തരങ്ങളിലും എത്തുന്നതിൽ അഭിമാനിക്കുന്നു.

"അഹിംസപ്പിശുവിനെ നിത്യവും പോററീടുമീ
'മഹാത്മാഗാന്ധിജി' തൻ സന്ദേശവേണുസ്വനം
പശ്ചിമസമുദ്രത്തെ കടത്തീ മന്ദം മന്ദം
നിശ്ചിതകാര്യൻ വായു യൂറോപ്പിൽ മുഴക്കയാം
സ്വാർത്ഥമാം പിശാചിന്റെ മക്കളാമഹങ്കാര
ധൂർത്തനും കൂട്ടുകാർക്കും സ്ഥലമില്ലിനി നാട്ടിൽ"[42]

(അഹിംസാസന്ദേശം)

ഗാന്ധിജിയെ പതിതോദ്ധാരകനായി കാണുന്നു, മറെറാരു കവിതയിൽ. ഗുരുവായൂർ സത്യാഗ്രഹപശ്ചാത്തലത്തിൽ വിരചിതമായ ഈ കവിതയിൽ അധഃകൃതോദ്ധാരണത്തിനായവതരിച്ച ഗാന്ധിജിയെ കവി അനുസ്മരിക്കുന്നു.

'പതിതർ ഞങ്ങളെയുദ്ധരിച്ചീടുവാൻ
പതിയായ്‌വന്ന മഹാത്മജി തന്നെ നീ
പതിവായ് ഞങ്ങളെ ക്ഷേത്രത്തിലേറ്റണം
പതിതപാവനനായ ഭഗവാനേ' [43]

(പതിതപാവനനായ ഭഗവാൻ)

ക്ഷേത്രപ്രവേശന സമരകാലത്തെഴുതിയ 'സൗഭ്രാത്രവിജയം'[44] എന്ന കവിതയിലും ജാത്യാചാരങ്ങളെ എതിർക്കുന്ന കവിയെ കാണാം.

"കാലംമാറി മലിനമാം ദുരാചാരസേതുവിന്റെ
കൂലംകുത്തിമറിക്കുന്ന കാലമാണിപ്പോൾ
മാറിനില്ക്കൂ, മാറിനില്ക്കൂ മാരണമാമയിത്തമേ
ഭാരതത്തിലിനിയും നീ നശിച്ചില്ലെന്നോ"[45]

എന്നു ശക്തമായ സ്വരത്തിൽ അയിത്തത്തിനെതിരായി കവി ശബ്ദമുയർത്തുന്നു.

ശ്രീകൃഷ്ണൻ നടത്തിയ ഗോവർദ്ധനപൂജയെ ദേശീയബോധം വളർത്താനുള്ള പാഠമായി കാണുന്നു, 'ദേശീയബോധം' എന്ന കവിതയിൽ.

"പേശലം കേശവൻ പണ്ടു കാണിച്ചുതന്ന
ദേശീയബോധത്തിൽ നന്നായുണരേണം നാം
ദേശീയസസ്യധാന്യാദിവൃദ്ധി നമുക്കുണ്ടാകേണം
ദേശീയശുദ്ധാചാരങ്ങളുൾഗമിക്കേണം
ദേശീയമാം സഹോദരപ്രേമം തമ്മിൽ വളരേണം
ദേശീയമാം സ്വാതന്ത്ര്യവും നമുക്കുവേണം.
ശൈശവം തൊട്ടേതുഭാഷ നമുക്കുള്ളിൽ കുടികൊൾവൂ
ദേശീയദ്ദേവിയെ നാം ഭജിച്ചീടേണം"[46]

എന്നിങ്ങനെ ദേശീയബോധം വളർത്തുവാനുതകുന്ന ഉദ്ബോധനാത്മകമായ കവിതകളുമുണ്ട്.

എല്ലാത്തരം ലഹരിപദാർത്ഥങ്ങളിൽ നിന്നും വിമുക്തരായിരിക്കുവാൻ ഉദ്ബോധിപ്പിക്കുന്നതാണ് 'ലഹരി'[47] എന്ന കവിത. ഇതുപോലെ ഗാന്ധിയൻ കർമ്മപരിപാടികളിൽ പലതിനേയും കവിതകളിലൂടെ അവതരിപ്പിച്ച കുട്ടമത്തു് ദേശീയപ്രസ്ഥാനത്തിന്റെ സന്ദേശം ജനഹൃദയങ്ങളിലെത്തിക്കുവാൻ സഹായിച്ചു.

## കുറ്റിപ്പുറത്തു കേശവൻനായർ (1883-1959)

വള്ളത്തോൾക്കളരിയിലെ ഒരംഗമായിരുന്ന കുറ്റിപ്പുറത്തു കേശവൻ നായർ തികഞ്ഞ ദേശാഭിമാനിയായിരുന്നു. 'ഭക്തഗീതം'[48] എന്ന കവിതയിൽ മലയാളനാടിനെയും അതിന്റെ പ്രകൃതിസൗന്ദര്യത്തേയും, തത്ത്വജ്ഞാന സംഭാവനയേയും പ്രകീർത്തിക്കുന്നു,കവി. ഗ്രാമീണജീവിതത്തോടു കവിക്കുള്ള ആഭിമുഖ്യം പ്രദർശിപ്പിക്കുന്നതാണ് 'ഗ്രാമീണകന്യക'[49] എന്ന കവിത.

> നാട്യപ്രധാനം നഗരം ദരിദ്രം[50]
> നാട്ടിൻപുറം നൻമകളാൽസമൃദ്ധം

എന്ന വരികൾ നഗരത്തെയും ഗ്രാമത്തെയും സംബന്ധിച്ച ഗാന്ധിജി പുലർത്തിയ ആശയങ്ങളുടെ പ്രതിഫലനമുൾക്കൊള്ളുന്നു.

കർമ്മത്തിന്റെ വൈശിഷ്ട്യം ഉയർത്തികാട്ടുന്ന 'കർമ്മം'[51] എന്ന കവിതയും ദേശീയപ്രസ്ഥാനചൈതന്യമുൾക്കൊള്ളുന്നതാണ്. 'ജാതിഭൂത ത്തെ ആട്ടിപ്പായിക്കുകയാണ് 'ജാതിഭൂതം'[52] എന്ന കവിതയിൽ. മതഭേദങ്ങൾക്കുപരിയായി നിലകൊള്ളുന്ന ഈശ്വരനെ 'വിശ്വസൂക്തം'[53] എന്ന കവിതയിൽ ദർശിക്കുന്നു.

പരമേശ്വര! 'ഹൈന്ദവ'ന്നു നീ
പരചിൽ ബ്രഹ്മപരാത്മശക്തി താൻ
പരമാർത്ഥമറിഞ്ഞ 'ബൗദ്ധ'നോ
പരമം ധാമവുമായിടുന്നു പോൽ.

അനഘാഭകലർന്നുകാണുമോ-
രനലൻ 'പാഴ്സി'യറിഞ്ഞിടുന്ന നീ
ജനനായക! 'ജൂത'നോ സനാ-
തനസിംഹാസനസീമ്നിലക്ഷിതാൻ

അമലപ്രണയാർദ്രനീശനെ
ന്നറിവൂ 'ക്രൈസ്തവർ' നിന്നെ നിത്യവും
അഖിലേശ്വര, സർവ്വശക്തനാ
യഥ 'മുസ്ലീ'മിനുമീഡ്യനായി നീ

അകമേ സുഖമാത്മരൂപനാ-
യരുളും നിർമ്മല! നിന്നിൽ നിന്നഹോ!
അകലുന്നളവീയസാരരാ-
മടിയർ ശൂന്യതയാർന്നുപോകുമോ'[54]

കോൺഗ്രസ് സമ്മേളനം നടന്ന ധനുമാസത്തെ അനുസ്മരിക്കുന്നു 'ഇക്കഴിഞ്ഞമാസം'[55] എന്ന കവിതയിൽ.

'ഭാരതമഹാസഭായോഗത്തിൽ മഹത്തായ
ഭാരത്താൽ കുനിഞ്ഞേറെ മേന്മയെ'

വെളിവാക്കിയ ആ മാസത്തെ അവതരിപ്പിക്കുന്നത് ഒരു ദേശീയ നേതാവിനെ തടവിലാക്കിയതിന്റെ വിഷാദം അവതരിപ്പിക്കുവാനാണ് എന്ന് വൈലോപ്പിള്ളി ശ്രീധരമേനോൻ[56] സൂചിപ്പിക്കുന്നുണ്ട്. സർക്കാരുദ്യോഗസ്ഥനായിരുന്നതിനാൽ ചിന്താസാഹസങ്ങളെ അദ്ദേഹത്തിനു നിയന്ത്രിക്കേണ്ടിവന്നു. തൻമൂലം

സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട ആശയങ്ങൾ വ്യക്തമായി ആവിഷ്കരിക്കുവാനദ്ദേഹത്തിനു കഴിഞ്ഞില്ല എന്നും വൈലോപ്പിള്ളി വ്യക്തമാക്കുന്നുണ്ട്. "ടാഗോറിന്റെ ഭാരതീയപാരംപര്യത്തിൽ അദ്ദേഹം സ്വന്തം സംസ്കാരം കണ്ടെത്തി. അതുപോലെ വിവേകാനന്ദന്റെ മഹത്വവും"[57] എന്ന് വൈലോപ്പിള്ളി അനുസ്മരിക്കുന്നതും ശ്രദ്ധേയമത്രേ.

ഈ അദ്ധ്യായത്തിൽ മുമ്പ് അനുസ്മരിച്ച മൂലൂർ എസ്. പത്മനാഭപ്പണിക്കർ അവർണ സമുദായങ്ങളുടെ ഉന്നമനത്തെ മുഖ്യലക്ഷ്യമാക്കിയ കവിയാണ്. സാഹിത്യത്തിലെ സവർണ്ണ മേധാവിത്തത്തിനെതിരായ ഒരു വെല്ലുവിളി എന്ന നിലയിൽ അദ്ദേഹത്തിന്റെ 'കവിരാമായണ'ത്തിനു പ്രസക്തിയുണ്ട്. എങ്കിലും സാഹിത്യത്തെ വിനോദോപാധിയായി കരുതുന്ന ആ പാരംപര്യം ഉപേക്ഷിക്കുവാൻ ശ്രീനാരായണഗുരുവുമായുള്ള സമ്പർക്കം മൂലൂരിനെ പ്രേരിപ്പിച്ചു. "താൻ പിന്തുടരുന്ന സാഹിത്യപൈതൃകവും തന്റെ ജീവിതവും തമ്മിലുള്ള അന്തരം മൂലൂർ കണ്ടെത്തി".[58] പിന്നീട് സാമൂഹിക പരിഷ്കരണത്തെ ലക്ഷ്യമാക്കി കവിതാരചനയിലേർപ്പെട്ടു. സ്വാതന്ത്ര്യസമരത്തിന്റെ പശ്ചാത്തലത്തിലും മൂലൂർ കവിതകൾ രചിച്ചിട്ടുണ്ട്. പ്രചാരണ സാഹിത്യത്തിന്റെ ദൗർബല്യങ്ങൾ അവയിലുണ്ടെങ്കിലും സാഹിത്യലോകത്തെ യാഥാസ്ഥിതികത്വങ്ങളെ വെല്ലുവിളിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു എന്നത് പ്രധാനമാണ്. അവർണസമുദായങ്ങളിൽപെട്ടവർക്ക് സാഹിത്യരംഗത്തേക്കു കടന്നുവരുവാൻ അദ്ദേഹം ധൈര്യം പകർന്നു.

ദേശീയപ്രസ്ഥാനത്തിന്റെ ശക്തമായ അനുരണനങ്ങൾ ഉണ്ടായത് കവിത്രയ കവിതകളിലാണ്. പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ജനിച്ച എൻ. കുമാരനാശാൻ (1873-1924), ഉള്ളൂർ എസ്. പരമേശ്വരയ്യർ (1877-1949), വള്ളത്തോൾ നാരായണമേനോൻ

(1878-1958) എന്നീ കവികളെ കേന്ദ്രീകരിച്ചാണ് പിന്നീട് മലയാള കവിതയുടെ വളർച്ച. ഈ കവികളുടെ കൃതികളിൽ ദേശീയപ്രസ്ഥാനത്തിന്റെ സ്വാധീനത എത്രയുണ്ടെന്ന അന്വേഷണമാണിനി.

## കുറിപ്പുകൾ


1. ഡോ: എൻ.വി.കൃഷ്ണവാരിയർ. വെൺമണിപ്രസ്ഥാനം. അകവൂർ നാരായണൻ. 'അവതാരിക' (നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, 1982) പു. xxiii.

2. ഡോ: കെ. പ്രശോഭൻ. ശ്രീനാരായണഗുരുവിന്റെ സ്വാധീനത മലയാളകവിതയിൽ. (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1988) പു. 41, 42.

3. ഡോ: എം. ലീലാവതി. നാലപ്പാടന്റെ പദ്യകൃതികൾ. 'അവതാരിക' (മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി, കോഴിക്കോട്, 1979) പുറം. 8.

4. ഭാഷാ പോഷിണി 1082 കന്നി, തുലാം. പുസ്തകം 11. ലക്കം 2, 3, പു. 48.

5. അതിൽത്തന്നെ. അതേ പുറം.

6. പ്രൊഫ. സി.കെ. മൂസ്സത്. കെ.മാധവൻ നായർ (മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് കമ്പനി, കോഴിക്കോട്, 1979) പു. 24.

7. വി.സി. കൃതികൾ. (കേരളസാഹിത്യ അക്കാദമി, തൃശൂർ, 1981), പു. 205.

8. അതിൽത്തന്നെ, പു. 208

9. അതിൽത്തന്നെ, പു. 210

10. അതിൽത്തന്നെ, പു. 206

11. അതിൽത്തന്നെ, പു. 208

12. അതിൽത്തന്നെ, പു. 210

13. കെ. മാധവൻനായർ. പു. 26

14. വി.സി.കൃതികൾ. പു. 122 ഉദ്ധരണം.

15. അതിൽത്തന്നെ, പു. 123 - 4

16. അതിൽത്തന്നെ, അതേ പുറം.

17. അതിൽത്തന്നെ, അതേപുറം.

18. അതിൽത്തന്നെ, പു. 74

19. അതിൽത്തന്നെ, പു. 110

20. പ്രൊഫ.കെ.ഗോപാലകൃഷ്ണൻ. വി.സി.കൃതികൾ. (പുത്തേഴത്തു രാമൻമേനോന്റെ പ്രസ്താവനയുടെ ഉദ്ധരണം) പു. 25.

21. പ്രൊഫ: കെ. ഗോപാലകൃഷ്ണൻ. വി.സി.യും കാല്പനികകവിതയും. (വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 1988) (കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ്, കെ.കെ. രാജ എന്നിവരുടെ അനുസ്മരണങ്ങളുടെ ഉദ്ധരണം) പു. 39.

22. വി.സി. കൃതികൾ. പു. 317 (ഉദ്ധരണം)

23. അതിൽത്തന്നെ, പു. 338-381

24. നാലപ്പാട്ടു ബാലാമണിയമ്മ. നാലപ്പാടിന്റെ പദ്യകൃതികൾ. (മുഖവുര) (മാതൃഭൂമി പ്രിന്റിംഗ് ആന്റ് പബ്ളിഷിംഗ് കമ്പനി, കോഴിക്കോട്, 1979) പു. xxxi

25. അതിൽത്തന്നെ, പു. xxxiii
26. അതിൽത്തന്നെ, പു. 11
27. അതിൽത്തന്നെ, പു. 13
28. അതിൽത്തന്നെ, അതേപുറം.
29. അതിൽത്തന്നെ, പു. xii, xiii
30. പ്രൊഫ. സി.കെ. മൂസ്സത്. _കെ.മാധവൻ നായർ._ പു. 33.
31. _ഭാഷാപോഷിണി_ 1094 തുലാം. പുസ്ത. 23, ല.3.
പു. 92-93
32. _ഭാഷാപോഷിണി._ 1093 തുലാം, വൃശ്ചികം-പുസ്ത.22 ല.3,4
പു. 120.
33. പി.വി.കൃഷ്ണവാരിയർ. _കവികേസരി പി.വി.കൃഷ്ണവാരിയരുടെ കൃതികൾ._ (പി.കെ.ബ്രദേഴ്സ്, കോഴിക്കോട്, 1956)
പു. 226.
34. അതിൽത്തന്നെ, പു. 230
35. അതിൽത്തന്നെ, പു. 220
36. അതിൽത്തന്നെ, പു. 221
37. അതിൽത്തന്നെ, പു. 223
38. അതിൽത്തന്നെ, പു. 114
39. അതിൽത്തന്നെ, പു. 195
40. അതിൽത്തന്നെ, പു. 204
41. സുകുമാർ അഴീക്കോട്. 'മറന്നുപോയ മഹാകവി' മലയാളസാഹിത്യ പഠനങ്ങൾ, (ഡി.സി. ബുക്സ്, കോട്ടയം, 1986) പു. 162.

42. കുട്ടമത്തു കുഞ്ഞികൃഷ്ണക്കുറുപ്പ്. കുട്ടമത്തിന്റെ തെരഞ്ഞെടുത്ത കൃതികൾ. സമ്പാദനം സി.പി. ശ്രീധരൻ. (കേരളസാഹിത്യ അക്കാദമി, തൃശൂർ, 1985.) പു. 85.

43. അതിൽത്തന്നെ, പു. 189

44. അതിൽത്തന്നെ, പു. 77

45. അതിൽത്തന്നെ, പു. 78

46. അതിൽത്തന്നെ, പു. 49

47. അതിൽത്തന്നെ, പു. 284, 5

48. കുറ്റിപ്പുറത്തു കേശവൻനായർ. കുറ്റിപ്പുറത്തിന്റെ കവിതകൾ. (നാഷനൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1982) പു. 20.

49. അതിൽത്തന്നെ, പു. 85

50. അതിൽത്തന്നെ, പു 85

51. അതിൽത്തന്നെ, പു. 58, 9

52. അതിൽത്തന്നെ, പു. 105

53. അതിൽത്തന്നെ, പു. 127

54. അതിൽത്തന്നെ, പു. 127, 8

55. അതിൽത്തന്നെ, പു. 111

56. അതിൽത്തന്നെ, പു. 9

57. അതിൽത്തന്നെ, പു. 8

58. കെ. പ്രസോഭൻ. ശ്രീനാരായണഗുരുവിന്റെ സ്വാധീനത മലയാള കവിതയിൽ. (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1988.) പു. 251.